ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഭരണ വകുപ്പിനുകീഴിൽ 4 വകുപ്പുകളുണ്ട്. അവ ലോക്കൽ ഫണ്ട് ആഡിറ്റ്, ട്രഷറി, ദേശീയ സമ്പാദ്യ പദ്ധതി, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നിവയാണ്.

ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിൽ 49 ഓഫീസുകളും 847 ജീവനക്കാരുമുണ്ട്, ട്രഷറി വകുപ്പിൽ 3611 ജീവനക്കാരുമുണ്ട്.

ദേശീയ സമ്പാദ്യപദ്ധതിയിൽ ഡയറക്ടറുടെ കാര്യാലയത്തിലും പതിനാല് ജില്ലാ കാര്യാലയങ്ങളിലുമായി 134 ജീവനക്കാർ ഉണ്ട്.

സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ആകെ 312 ജീവനക്കാരുണ്ട്. വകുപ്പിന് ഡയറക്ടറേറ്റും 14 ജില്ലാ ഇൻഷ്വറൻസ് ആഫീസുകളുമുണ്ട്.

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിൽ 12 കാര്യാലയങ്ങളിൽ കാന്റീൻ സൗകര്യമുണ്ട്. ട്രഷറി വകുപ്പ് ജീവനക്കാർക്ക് കാന്റീൻ സൗകര്യം ലഭ്യമല്ല. ദേശീയ സമ്പാദ്യപദ്ധതി വകുപ്പിൽ കാന്റീൻ സൗകര്യം ലഭ്യമല്ല. സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ കാന്റീൻ സൗകര്യം ലഭ്യമല്ല.

ലോട്ടറി നിരോധനം പുനഃപരിശോധിക്കുവാൻ നടപടി

20 [1737] ശ്രീ. എ. സുജനപാൽ :

ശ്രീ. കെ. ബാബു :

ശ്രീ. കെ. അച്ചുതൻ :

പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ലോട്ടറി നിരോധനം പുനഃപരിശോധിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ അതിനോടനുബന്ധിച്ച് എന്തെങ്കിലും നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ ;

(സി) എന്നേക്ക് അതു സംബന്ധിച്ച നിയമനിർമ്മാണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ലോട്ടറി പുനഃസ്ഥാപിക്കുന്നതിന് മുന്നോടിയായി ലോട്ടറിയിന്മേൽ നികുതി ഈടാക്കുന്നതിനും ഓൺ ലൈൻ ലോട്ടറി ചൂതാട്ട നിയമത്തിന്റെ പരിധിയിൽ വരുത്തുന്നതിനും നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ. എസ്. എഫ്. ഇ. ജൂനിയർ അസിസ്റ്റന്റ് നിയമനം

21 [1739] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ കെ. എസ്. എഫ്. ഇ.-യിൽ കരാർ നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കരാർ നിയമനങ്ങൾ അവസാനിപ്പിച്ച് ഒഴിവുകൾ പി. എസ്. സി. മുഖാന്തിരം നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. എസ്. എഫ്. ഇ. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുന്നതുകൊണ്ട് നിലവിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്തി 500 ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇതനുസരിച്ച് പി. എസ്. സി. അയച്ചുതന്ന അഡൈ്വസ് ലിസ്റ്റുകളിൽ ഉള്ളവരുടെ നിയമന നടപടികൾ പൂർത്തിയായിവരുന്നു.

(സി) കെ. എസ്. എഫ്. ഇ.-യിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതുവരെ ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വിമുക്തഭടൻ ഏജൻസികളിൽ നിന്ന് സേവനം ലഭ്യമാക്കുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly